
# G V H S S PAZHANJI

# e-drops

## 2020



**e-drops !!** **G V H S S Pazhanji**



# ആശംസകളോടെ.........

E-mail: ghspazhanji@gmail.com
Phone : 04885 274172

## G.V.H.S.S. PAZHANJI

PAZHANJI P.O, PIN – 680 542

CHAVAKKAD Ednl. DISTRICT KUNNAMKULAM SUB DISTRICT

ആധുനിക സാങ്കേതിക വിദ്യയുടെ അനന്ത വിഹായസ്സിലേക്ക് പുതുതലമുറയെ കൈപിടിച്ചു ഉയർത്താനും വിജ്ഞാനത്തിന്റെ മഹാസാഗരത്തിലേക്ക് ഇറങ്ങിച്ചെന്ന് മുത്തുകൾ വാരിയെടുക്കാനും പ്രാപ്തരാക്കുന്നതിനുള്ള സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. പഴഞ്ഞി ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കിയ 'e-drops' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഇതിന് നേതൃത്വം നൽകിയ കൈറ്റ് മാസ്റ്റേഴ്സ് ഷീബ ടീച്ചർ, സുജാത കുമാരി ടീച്ചർ, SITC മേഹർ ടീച്ചർ എന്നിവർക്കുള്ള അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഹൃദയം നിറഞ്ഞ ആശംസകളോടെ,

Gyhagi
22-07-2020
HEADMISTRESS
G.V.H.S.S. PAZHANJI
Thrissur, School Code: 24024

# Editorial Board

**Chief Editor:Muhammed Irfan**

## Members

- Risa Nasrin M N
- Shahina T I
- Hisana K H
- Shafana Narghese
- Fidha PJ
- Rinsha sherin
- Merin Shajan

## താളുകൾ മറിയുമ്പോൾ..........

1. അതേ പ്രാർത്ഥന :7

2. മഴ മഴ :8

3. A Teacher -A Dream :9

4. കൗമാരം :10

5. അപരിചിതൻ :11

6. അനാഥത്വം :12

7. മഹത് വചനം :13

8. ലിറ്റ്മസ് :14

9. Cock and Girls :15

10. അമ്മ :17

11. രാത്രിമഴ :18

12. പ്രണയം vs പ്രണയം :19

13. പരീക്ഷണം :21


14. വരകളുടെ ലോകം :23

# ആമുഖം

*വാക്കിന്റെ അർത്ഥത്തിലേക്കും ആഴത്തിലേക്കുമുള്ള സഞ്ചാരമാണ് വായന ഓരോ പുസ്തകത്തിന്റെയും താളുകൾ മറിയുന്നത് ജീവിതത്തിൽ സംഗീതവും വസന്തവും നിറയ്ക്കാനാണ് വിരൽ തുമ്പിൽ ചലിക്കുന്ന ലോകത്തെ ഒരു വേള നിശ്ചലമാക്കാൻ വാക്കിന് കഴിയും.നിനവിന്റെ നിലയില്ലാ കായലിൽ മുങ്ങി തപ്പി എടുത്ത ഇത്തിരി മുത്തുകൾ നൂതല സാങ്കേതിക വിദ്യയുടെ സഹായത്തോടെ കോർത്തെടുക്കുകയാണ് ഇവിടെ സന്തോഷത്തോടെ സ്വീകരിച്ചാലും*

**e-drops !!** **G V H S S Pazhanji**

# എന്റെ വിദ്യാലയം



# അതേ പ്രാർത്ഥന

വസന്തത്തോടർത്ഥിച്ചതു വെറുതെയായില്ല
തേന്മാവടിമുടി പൂങ്കുലകളണിഞ്ഞു നിന്നു
ഒരു പൂവും കൊഴിയാതെയുണ്ണികൾ  വിരിഞ്ഞു,
പിന്നീടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സമൃദ്ധിമുറ്റിട്ടുംതോറും കുനിയുകെന്നറിവുറ്റൊരധ്യായം
പഠിപ്പിച്ചിതിനെച്ചൂണ്ടി,വേനൽ ചുഴന്നൂതിയൂതിയതിൻ
നിക്ഷേപമോരോന്നും മാണിക്യരത്നങ്ങളാകാൻ
മുതിർന്നേയുള്ളൂ ആയിരമണ്ണാർക്കണ്ണന്മാർ
പാഞ്ഞുകേറികൊമ്പുകളിലായിരം  കാക്കകൾപ്പറന്നു

## മഴ മഴ

*വേനലിൽ പെയ്തു ഒരു മഴ*
*ജൂണിൽ പെയ്തു മഴ മഴ*
*തണുപ്പിൽ പെയ്തു ശൈത്യമഴ*
*എന്നിൽ പെയ്തു കുളിരു മഴ*
*ഓഗസ്റ്റിൽ പെയ്തു മഴ മഴ*
*വീണ്ടും വന്നു പ്രളയ മഴ*

## A TEACHER -A DREAM

*Every young man has dreams of his future. He wants to be doctor, an engineer or a bank officer. Parents want their children to become doctors or engineers or a bank officer. Actually very few become what they want to be. I want to become a teacher. I know that a teacher does not get high salary, nor does he get other facilities . Inspite of all these I choose a teacher's job because I can impart knowledge to young people. I can shape them to become useful. It is they who make a nation great. Thus I help in making my country great. A teacher meets a number of widely different children every year. So his work is never dull. Through the children comes into contact with his parents and soon becomes a friend of all the people of areas. The young follows their teachers and parents and I had to be a model for my children.*

*Sometimes his colleagues will forget him, but children won't forget their teachers. Even after retiring a teacher can continue his profession.One never give up ones profession.The teachers were respected in ancient India, it may not happen now-a-days. but teachers are the one who occupies a prominent place in society.*

***BY IRFAN***

# കൗമാരം

ബാല്യത്തിനു ശേഷം യൗവനം പ്രാപിക്കുന്നതുവരെയുള്ള പ്രയമാണ് കൗമാരം.ശാരീരികവും മാനസികവുമായ വികാസം ഏറ്റവുമധികം സംഭവിക്കുന്നത് കൗമാര കാലയളവിലാണ്.സമ്മർദങ്ങളും സംഘട്ടനങ്ങളും വെല്ലുവിളികളും നിറഞ്ഞതാണ് കൗമാരം.അപകടകരമായ കാലഘട്ടമായി കണക്കാക്കുകയാണ് മനശാസ്ത്രജ്ഞരും ഡോക്ടർമാരും. രണ്ടറ്റവും വളർച്ചയെത്താത്ത മനുഷ്യജീവി എന്ന് കൗമാരത്തെ അല്പം നർമബോധത്തോടെ വിശേഷിപ്പിക്കാം.കാരണം ഇക്കൂട്ടർ ബാല്യ ചാപല്യങ്ങളിൽ നിന്ന് പൂർണമായും മുക്തരായിട്ടുണ്ടാവില്ല.അതേസമയം പക്വതയിലെത്തിയ ഒരു വ്യക്തിയായി വളർന്നിട്ടുണ്ടാവില്ല.കൗമാരം ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും സുപ്രധാനമായ കാലയളവാണ്. വ്യക്തിയുടെ വ്യക്തിത്വത്തിന് അടിത്തറയിടുന്നതും ഭാവി ഏറെക്കുറെ നിശ്ചയിക്കപ്പെടുന്നതുംഈപ്രായത്തിലാണ്.തന്മൂലം ഏറ്റവുമധികം ശ്രദ്ധിക്കപ്പെടേണ്ട ഒരു കാലഘട്ടമാണ്.കൗമാരത്തിലാണ് ശരീര വളർച്ച പൂർണതയിൽ എത്തുന്നത്.

അമൽ എം സിദ്ധാർത്ഥ്

# അപരിചിതൻ

ജനിച്ചതൊന്നെങ്കിലും വളർന്നു രണ്ടായ
ഞാൻ നിനക്കെന്നുമറിയാത്തൊരപരിചിതനാ
മറയുന്ന നേരവും മാപ്പെന്ന വാക്കുമായ്
വിരഹത്തിൻ വേരുകൾ പിഴുതു വീഴുമ്പൊഴും
ഞാനുമീ കാലത്തിലേകാന്തനായി
എന്റെ മാറിൽ നീ തുളച്ചു കയറീടുമ്പോഴും
ഞാൻ നിനക്കെന്നുമപരിചിതനാ........

*അക്ഷയ് രാജ്*

# <u>അനാഥത്വം</u>

*ഇന്നീ നടുപാതയിൽ തനിച്ചായി ഞാൻ*
*എങ്ങോട്ടാണിനിയെന്റെ യാത്രയെന്നറിയാതെ*
*വഴികാട്ടാനിന്നെനിക്കാരുമില്ല ,*
*ഇന്നീ ജന്മത്തെ വെറുക്കുന്നു ഞാൻ ശപിക്കുന്നു.*
*ഇന്നു ഞാൻ വിശപ്പിൻ വിലയറിഞ്ഞു*
*ഊട്ടാനിന്നെനിക്കമ്മയില്ല*
*നീട്ടിഞാനെൻകൈയൊരൽപമന്നത്തിനായി*
*തട്ടിത്തെറിപ്പിച്ചുയെന്നെ ആട്ടിപ്പായിച്ചു*
*എൻതാതനെന്നരികിലുണ്ടായിരു-*
*ന്നെങ്കിലെന്നാശിച്ച നിമിഷങ്ങൾ*
*അനാഥത്വത്തിന്റെ കയ്യുനീരിൽ*
*മുങ്ങിപ്പോയദിനങ്ങൾ*
*ഞാനീയുഗത്തെയൊരു പരീക്ഷണത്തിനാണെന്റെ*
*ജന്മമെങ്കിലെന്തിനു സൃഷ്ടിച്ചു നീ ദൈവമേ*
*ഇല്ലയിനി ഞാനീ ലോകത്ത്*
*ഇന്നീ ലോകത്തെ വെറുക്കുന്നു ഞാൻ ശപിക്കുന്നു*

***BY IRFAN***

# മഹത് വചനം

"ഞാൻ ഒരിക്കലേ ഈ ലോകത്ത്കൂടി
കടന്നുപോകൂ. സഹജീവികൾക്ക്ചെയ്യാനാവുന്ന
നന്മ ഞാൻ ഇപ്പോൾ തന്നെ ചെയ്യട്ടെ. അത്
പിന്നത്തേക്ക് മാറ്റിവെയ്ക്കാനോ
വേണ്ടന്നുവെയ്ക്കാനോ പാടില്ല. കാരണം
ഞാൻഇനിയും ഇതുവഴി വരില്ല."

സ്റ്റീഫൻ ഗ്രല്ലെ

# ലിറ്റ്മസ്

ഞാൻ ആസിഡാണോ
ആൽക്കലിയാണോ
അറിയില്ലായിരുന്നു
പല തവണ പലരേയും
വെറുതേ വീണ് പൊള്ളിച്ചു കാണും
വീര്യമുള്ള ഒന്നിനെ
കലർന്ന് ,നിർവീര്യമാക്കിക്കാണും
എരിഞ്ഞുരുകുന്നിടങ്ങളിൽ
അറിയാതെ,അകന്നു നിന്നു കാണും
നീ ലിറ്റ്മസ്സായിരുന്നു
എന്നിലെ ചുവപ്പും നീലയും

രാഗേഷ്

എച്ച്.എസ്. ടി.

# *Cock and Girls*

***Two poor girls lived with an old woman. The old woman had hens, ducks and a cock. These girls took care of the birds and spun thread for a living.***

***The cock was fat and handsome. It used to crow at 4'o clock every morning. The old woman would wake the girls up. The girls would start work.***

***The girls found it difficult to get up early in the morning. They longed to sleep some more time. But how?***

***They thought, "The old woman wakes up so early because of the cock does not wake up we can sleep for some more time."***

***They secretly killed the cock. They threw it in the jungle.***

*The old woman was very sad. She searched everywhere for the cock. But all in vain. She thought a fox must have caught her cock.*

*The girls were very happy. They thought they could sleep longer. They went to bed.*

*It was just past midnight.*

*The old woman woke the girls up. She said, "If we go to bed again we will sleep too much and will not wake up in the time.*

*We have no cock to wake us up.*

*So we can start our work now itself."*

*The girls had never gotten up so early before. As there was no cock they had to get up earlier than before.*

*So, evil deeds will lead only to evil.*



# അമ്മ

അമ്മിഞ്ഞപ്പാലതിൽ തൂവെൺമ
തൂകുന്ന സത്യസ്വരൂപിണി അമ്മ
ചെങ്ങായവർണ്ണവും ഗന്ധവും
ദാഹിച്ചീടുകയാണീ പ്രപഞ്ചം
മായ്ക്കുവാനാവാത്ത സ്നേഹമാണമ്മ
വാക്കാണ് പൊരുളാണിതെന്നമ്മ സത്യം
വാക്കിലും നോക്കിലും കാരുണ്യമായ
കഥ പോലെ കവിതപോലെ
പഴമൊഴി പോലെയോ
ചെറുഗാനമായ് എന്നുള്ളിൽ
നിറഞ്ഞുനിൽപ്പൂ
അമ്മയെന്നൊരൊറ്റ അർത്ഥമല്ലയോ
പ്രപഞ്ചസത്യത്തിനു മപ്പുറം
നൊന്തുപെറ്റൊരെൻ അമ്മയ്ക്കായ്
ഞാൻ സമർപ്പിപ്പൂ ഒരു സമർപ്പണഗാനം..

# രാത്രി മഴ

വർഷ ഇപ്പോൾ വലിയ നിലയിലെത്തിയിരിക്കുന്നു.എത്ര വർഷത്തെ അധ്വാനം ആണ് മനസ്സിൽ ഒരു കുളിർമ. കഥകളെല്ലാം ഓർക്കുന്നു. 22 വർഷങ്ങൾക്ക് മുമ്പ് അവളുടെ അമ്മയെ ഞാൻ ആദ്യമായും അവസാനമായും കണ്ട ദിവസം ദൈവത്തിനും എനിക്കും മത്രം അറിയാവുന്ന സത്യം.പ്രണയത്തിന്റെ പേരിൽ വഞ്ചിക്കപെട്ട ഒരുപാട് പേരുണ്ട് .അവയിൽ ഒരാളാണ് ഞാൻ.പക്ഷേ എനിക്ക് ദൈവം തന്ന നിധി. "വർഷ" ഇപ്പോഴും അവളറിയാത്ത രഹസ്യം ഞാൻ അവളുടെ അമ്മയല്ല എന്നതാണ്. പക്ഷെ കർമ്മം കൊണ്ട് ഞങ്ങൾ അമ്മയും മകളും ആണ്. അർജ്ജുൻ ഞാൻ അവനെ ഒരുപാട് സ്നേഹനിച്ചതാണ്.ജന്മം നൽകിയ അമ്മയെയും, നോക്കിവളർത്തിയ അച്ഛനെയും ,സ്വീകരിക്കാൻ തയ്യാറായി നിന്ന വരനെയും ഉപേക്ഷിച്ച് അന്ന് രാത്രി ഞാൻ ബാഗുമായി ഇറങ്ങിയതാണ് അർജ്ജുൻ എന്ന വഞ്ചകന്റെ അടുത്തേക്ക് പക്ഷെ വിധി എന്നെ കൊണ്ടെത്തിച്ചത് അനാഥയാവാനാണ്. കുറേ നേരം കാത്തിരുന്നു കണ്ടില്ല. ആകട്ടത്ത പേമാരികൾക്കിടയിലൂടെ ഇനി എന്ത് ചെയ്യണമെന്ന് അറിയാതെ നടക്കുമ്പോൾ അതാ ആ വരാന്തക്കടുത്തുനിന്ന് ആ കരച്ചിൽ കേൾക്കുന്നു.ആ വരാന്തയിൽ ഒരു കുഞ്ഞ് കണ്ടാൽ ഒരു മാസം പോലും തികയാത്ത കുഞ്ഞ് അവിടുന്ന് മുതൽ എനിക്ക് വേറെ ലോകമാണ് .ആ കൈകുഞ്ഞാണ് എന്റെ വർഷ.ഞാൻ ഇന്ന് അഭിമാനം കൊണ്ട് സന്തോഷിക്കുന്ന എന്റെ ഈ രണ്ടാം ജന്മത്തിൽ ഞാൻ സന്തോഷിക്കുന്നു. എന്നും ഞാൻ എന്റെ ഈ ജീവിതത്തിൽ തൃപ്തയാണ്. ഈ ജീവിതം ഇങ്ങനെ നിലനിൽകട്ടെ.

# പ്രണയം VS പ്രണയം



അറിയില്ല ഞനീപ്രണയത്തെയെങ്കിലും
പറയുവാൻ കൊതിക്കുന്നിതാ......
അറിയാതെ പറയുന്ന പ്രണയത്തെ
ഒരുപാട് കണ്ടിരിക്കുന്നു ഞാൻ....
പുസ്തകതാളിൽ മയങ്ങും മയിൽപീലിത്തുണ്ടുപോൽ
വെമ്പുംപ്രണയത്തെ കണ്ടുമോഹിച്ചിരുന്നു
ആറ്റുവഞ്ചികൾ കാതോടു കാതോർക്കും പ്ത്തണയത്ത
കുരുവികൾ പോലുമറിഞ്ഞിരുന്നില്ലത്രേ....
തീരമറിയാതെ തഴുകിമറയും പ്രണയം..
ഇന്നതിൽ പേരതെങ്കിലും
ഇടരുന്നതിൻ പദസ്വനമറിയുന്നിതാ
ചില്ലുകൂട്ടിലെ നഗ്നമാംപ്രതിമയോ അതോ
വികാരവിസ്ഫോടനത്തിൽ സന്തതിയോ
ഇന്നിൻ പ്രണയം......
കടിഞ്ഞാൺ പൊട്ടിയകുതിരപോൽപായും
പ്രണയമേ എന്നും നീ ഇങ്ങനെയായിരുന്നോ
അറിയില്ലയെങ്കിലുംവിളിച്ചോട്ടെ നിന്നെ ഞാൻ
പ്രണയമെന്ന്...........

ഗ്രീഷ്മ

*എച്ച്.എസ്.ടി.*

# പരീക്ഷണം

വിഷയം:- സ്കൂൾ പ്രണയം.

പരീക്ഷണസ്ഥലം:- സ്റ്റാഫ്റൂം

ഒരു ഡസ്കിന് ഇരുവശവുമിരുന്ന

രണ്ട് സാമ്പിളുകൾ,ആണും പേണ്ണും

പത്തിരുപത് മൈക്രോസ്കോപ്പുകൾക്ക്

ഇടയ്ക്ക് കൃത്യമായി വെച്ചു

ലെൻസിന്റെ വക്രത കുറച്ച്

ഫോക്കസ് ക്രമീകരിച്ചു

അൽപ്പ സമയത്തിനു ശേഷം

അതുകണ്ടെത്തി

ചുവന്ന നിറമുള്ള വൈറസ്സുകൾ

പ്രണയം,പ്രണയം, പ്രണയം.

മണിക്കൂറുകൾ നീണ്ടശ്രമത്തിനൊടുവിൽ

രണ്ട്ഹോർമോണുകൾനീക്കം ചെയ്തു

എസ്ട്രോജൻ,പ്രൊജസ്റ്റോൺ

ശ്രമം വിജയം

സാമ്പിളുകൾ തിരിച്ചയച്ചു

പരീക്ഷകർ പിരിഞ്ഞുപോയി.

ദിവസങ്ങൾക്കുശേഷം

സാമ്പിളുകൾ വീണ്ടും കണ്ടെത്തി

പഴയ ഡസ്കിന്റെ ഇരുവശവും

മൈക്രോസ്കോപ്പുകൾ


പ്രവർത്തന സജ്ജമായി

ആ ചുവന്ന വൈറസുകൾ തന്നെ !
സ്റ്റാഫ്റ്റും ഓപ്പറേഷൻ തിയ്യറ്ററായി
മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയ
പിറ്റ്യൂറ്ററി ഗ്ലാന്റ് നീക്കം ചെയ്തു
ശസ്ത്രക്രിയ പൂർണ്ണ വിജയം
ഇനി ചുവന്ന വൈറസുകളില്ല

*കൗമാരം സുന്ദര സുരഭിലമാവട്ടെ............................*

*രാഗേഷ്*

# വരകളുടെ ലോകം


PLANT TREES,SAVE NATURE


Nima.k.T















Adwaith. M.A
VIII B


SREEKANTH-VS
7.D


SREENATH-R
7.D




AVOID POLLUTION &SAVE OUR EARTH


WATER IS PREACIOUS,SAVE EVERY DROP